**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 441** — **29.06.2016 ൽ മറുപടിയ്ക്ക്**

## സഹകരണ സംഘം ജീവനക്കാരുടെ സ്ഥാനക്കയറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) കേരള സഹകരണ സംഘം ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി പ്രകാരം സഹകരണ ബാങ്ക് ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് വിദ്യാഭ്യാസ യോഗ്യത 10+2+3 ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതു കാരണം വിദൂര വിദ്യാഭ്യാസം വഴി ബിരുദം നേടിയ പ്രീഡിഗ്രി, +2 പാസാകാത്ത ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിബന്ധനയിൽ നിന്നും ഇളവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) ഉണ്ട്. സർക്കാരിന്റെ 25.11.2014-ലെ G.O. (P) No.142/2014/Co-op ഉത്തരവ് പ്രകാരമുള്ള 2014-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ചട്ടങ്ങളിൽ ചട്ടം 186 ഉപചട്ടം 1 എയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ബിരുദ യോഗ്യത വേണ്ട ജീവനക്കാർ ആയത് 10+2+3 പാറ്റേണിൽ തന്നെ കരസ്ഥമാക്കിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ വിദൂര വിദ്യാഭ്യാസം വഴി ബിരുദം നേടിയ പ്രീഡിഗ്രി +2 പാസാകാത്ത ഉദ്യോഗസ്ഥർക്ക് ബിരുദം യോഗ്യതയായി വേണ്ട തസ്തികകളിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുകയില്ല. ഈ നിബന്ധനയിൽ നിന്നും ഇളവു നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) 1969 കേരള സഹകരണ സംഘം നിയമം/ചട്ടങ്ങൾ എന്നിവ സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് സഹകാരികളുടെ ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റി ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) ഉണ്ട്.<br>കേരള സഹകരണ നിയമവും, ചട്ടങ്ങളും സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് സഹകാരികളുടെ ഒരു വിദഗ്ധ കമ്മിറ്റിയെ ശ്രീ.കെ.ശിവദാസൻ നായർ Ex.MLA ചെയർമാനായി 07.09.2015-ൽ സർക്കാർ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയിൽ ആകെ 17 അംഗങ്ങളാണ് ഉണ്ടായിരുന്നത്.<br>പ്രസ്തുത കമ്മിറ്റിയുടെ ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ